LIBRARY ARCHIVES Kerala Legislative Assembly

നിശ്ചിത വിസ്തീർണ്ണത്തിനു മുകളിലുള്ള കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി വിളക്കുകൾ, ഇൻവെർട്ടറുകൾ, വാട്ടർ ഹീറ്ററുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ്. നിർമ്മിതികളിൽ പരമാവധി കാറ്റും വെളിച്ചവും ലഭ്യമാകത്തക്കരീതിയിൽ രൂപകൽപ്പന നടത്തുന്നതുവഴി ഊർജ്ജത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ കഴിയും. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) ഊർജ്ജ സംരക്ഷണ നിബന്ധനകൾ പ്രകാരമുള്ള സ്റ്റാർ റേറ്റിംഗുള്ള ഉപകരണങ്ങൾ ഉപയോഗിച്ചും ഒക്കുപ്പൻസി സെൻസറുകൾ ഉപയോഗിച്ചും ഊർജ്ജക്ഷമമായ മോട്ടറുകൾ, എ.സി. കൾ എന്നിവ ഉപയോഗിച്ചും ഊർജ്ജ ഉപഭോഗം കുറയ്ക്കാൻ കഴിയുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകൽപ്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗ്രഹയുടെ (GRIHA-Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്.

വിദ്യാഭ്യാസ അവകാശ നിയമം

16 (*256) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതോടനുബന്ധിച്ച് പൊതുവിദ്യാലയങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പൊതുവിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്കുള്ള അകൽച്ച ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്):

(എ) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ ചട്ടങ്ങൾ 2011, 30-4-2011-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ (പി) നം. 100/2011/പൊവിവ. പ്രകാരം കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിലൂടെ സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് ലഭിക്കാനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ്സുവരെ ആൾ പ്രൊമോഷൻ നടപ്പിലാക്കി. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും 5-ാം ക്ലാസ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ ആന്റ് അപ്പർപ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർപ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്തു. സ്കൂൾ പ്രവേശനം വയസ്സുതെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല എന്ന കാരണത്താൽ ഒരു കുട്ടിയ്ക്കും പ്രവേശനം നിഷേധിക്കുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തു. ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ഒരു കുട്ടിക്കും ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേയ്ക്ക് പ്രവേശനം നേടുന്നതിന് റ്റി.സി ഒരു തടസ്സമാകരുതെന്ന് നിഷ്കർഷിച്ചു. ഓരോ സ്കൂളിലും, പ്രവേശനം നേടുന്ന ഓരോ കുട്ടിയെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കി. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കി. സ്കൂൾ മാപ്പിംഗ് സമ്പ്രദായം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും സ്കൂൾ യൂണിഫോമും വിതരണം ചെയ്തുവരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ പഠനശേഷി പരിശോധിക്കുകയും പഠന പരിഹാര ബോധനം നൽകുകയും ചെയ്തുവരുന്നു. എസ്.എസ്.എ.എൽ.പി/യു.പി. വിഭാഗം അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. കൗമാരക്കാരായ കുട്ടികൾ നേരിടുന്ന മാനസിക-ശാരീരിക സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിന് കൗൺസലിംഗ് നടത്തുന്നതിനായി ഹെൽപ്പ് ഡെസ്ക്, സ്കൂൾ കൗൺസിലിംഗ് സെന്റർ എന്നിവ നടപ്പിലാക്കി ഒന്നുമുതൽ പത്താം ക്ലാസ് വരെ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കെ-ടെറ്റ് പാസാകണമെന്ന വ്യവസ്ഥ നിലവിൽ വന്നു. ഓരോ തദ്ദേശാധികാര സ്ഥാപനത്തിനും വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ ഓരോ കുട്ടികളുടേയും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ അഗ്രഗണ്യമായ

LIBRARY ARCHIVES Kerala Legislative Assembly

പങ്ക് വന്നു ചേർന്നു. അധ്യാപക-വിദ്യാർത്ഥി അനുപാതത്തിലെ മാറ്റം, സ്കൂൾ മാപ്പിംഗ്, കുട്ടികളുടെ പരാതി പരിഹാര കേന്ദ്രങ്ങൾ ആരംഭിക്കൽ തുടങ്ങിയവ പരിശോധിച്ചുവരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ആർ.റ്റി.ഇ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിശോധിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സംസ്ഥാന ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്ക് അകൽച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അകൽച്ച ഉളവാകാതിരിക്കുവാൻ വേണ്ടിയാണ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പി.റ്റി.എ. യും മദർ പി.റ്റി.എ. യും രൂപീകരിച്ചിട്ടുള്ളത്. ഇത്തരം കമ്മിറ്റികളിൽ രക്ഷാകർത്താക്കളും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരുന്നു. സ്കൂൾ പി.ടി.എ. വർഷത്തിൽ ഏകദേശം മൂന്ന് തവണ എങ്കിലും ജനറൽ ബോഡി യോഗം നടത്താറുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റി, മദർ പി.റ്റി.എ. എന്നീ യോഗങ്ങൾ സ്കൂൾ തലത്തിൽ നടത്തുന്നതിനാൽ രക്ഷാകർത്താക്കൾക്ക് സ്കൂളുമായി യാതൊരു അകൽച്ചയുമില്ല.

നെല്ല് സംഭരണവിലയും സ്വകാര്യ മില്ലുകളുടെ ചൂഷണവും

17 (*257) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സപ്ലൈകോവഴി സംഭരിക്കുന്ന നെല്ലിന്റെ വില എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത് ; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് ആകെ എത്ര നെല്ല് സംഭരിച്ചു എന്ന വിവരം ലഭ്യമാണോ ; വിശദമാക്കാമോ ; സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly